(ബി) 11-10-13-ലെ G.O.(P)No.515/13/Fin. 28-11-13-ലെ G.O (P)580/13/Fin എന്നീ ഉത്തരവുകളിലെ അന്യത്ര സേവനംവഴിയുണ്ടാകുന്ന ഒഴിവുകൾ നികത്താൻ കഴിയാത്ത സാഹചര്യത്തിൽ, ഉന്നത ഉദ്യോഗസ്ഥരുടെക്ഷാമം അനുഭവിക്കുന്ന പി.എസ്.സിക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരുടെ സേവനം വിട്ടുനൽകാൻ കഴിയാറില്ല.

(സി) നിലവിൽ പി.എസ്.സി. ജീവനക്കാർ ആരും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നില്ല. എന്നാൽ അറ്റന്റർ ഗ്രേഡ് II തസ്തികയിൽ ഒരാൾ എം.എൽ.എ.യുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്നുണ്ട്.

## പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ്

**39 (44)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പി.എസ്.സി. യുടെ എത്ര സംസ്ഥാന ജില്ലാ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിലവിൽ 2602 ലിസ്റ്റുകൾ ഉണ്ട്. ഇവയിൽ 5,70,370 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ നിയമന ശിപാർശയുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2011 (w.e.f 18.05.11) | 18136 |
| 2012 | 28425 |
| 2013 | 39183 |
| 2014 | 28270 |
| 2015 ഇതുവരെ | 25178 |
| ആകെ | 1,39,192 |

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുൻ സർക്കാരിന്റെ കാലത്ത് ഓരോവർഷവും നൽകിയ നിയമന ശിപാർശയുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2006 (w.e.f 18-5-2006) | 13959 |
| 2007 | 23136 |
| 2008 | 25762 |
| 2009 | 43262 |
| 2010 | 44272 |
| 2011(up to 17.05.2011) | 15017 |
| ആകെ | 1,65,408 |

**പി.എസ്.സി.യിലെ സാമ്പത്തിക അച്ചടക്കം**

**40 (45)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് ഫീസ് ഏർപ്പെടുത്തുന്നത് പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പഠനവിഷയമായി നിശ്ചയിച്ചുനൽകിയിട്ടുള്ളത് ;

(സി) പി.എസ്.സി. സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സർക്കാരിന് ഇടപെടുന്നതിൽ സർക്കാരിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം ; ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly